ആലപ്പുഴ ടൂറിസം സർക്യൂട്ട് പ്രോജക്ട്

114(406) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബാക്ക് വാട്ടർ ഡെവലപ്മെന്റിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കാനുള്ള ആലപ്പുഴ ടൂറിസം സർക്യൂട്ട് പ്രോജക്ട് തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴയുടെ ടൂറിസം വികസനത്തിനായി 2010-ലെ ബഡ്ജറ്റിൽ ഒരു നിർദ്ദേശം ഉണ്ടാകുകയും അതനുസരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി സർക്കാർ 13 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ അരൂർ മുതൽ തെക്ക് കായംകുളം വരെയുള്ള സ്ഥലങ്ങളെ ഉൾപ്പെടുത്തി ഒരു ബൃഹത്തായ ടൂറിസം ഡെസ്റ്റിനേഷൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ഈ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

ഗ്രാമീണ ടൂറിസം പദ്ധതി

115(407) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ വശ്യമായ ഗ്രാമീണഭംഗി ആസ്വദിക്കുന്നതിനായി ഗ്രാമീണ ടൂറിസം പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഗ്രാമീണ ടൂറിസം പദ്ധതിക്കായി നൂതൽ ഹോം സ്റ്റേകൾ ഏർപ്പെടുത്തുന്നതും മറ്റുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളെ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗ്രാമങ്ങളിൽ ടൂറിസം സാദ്ധ്യതയുള്ള പ്രദേശങ്ങളുടേയും പുതിയ ടൂറിസം ഉല്പന്നങ്ങളുടെ വികസനവും അതുവഴി പ്രസ്തുത ഗ്രാമങ്ങളിൽ ടൂറിസം സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്ന 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' എന്ന പദ്ധതി ടൂറിസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ബി) നഗര, ഗ്രാമ വ്യത്യാസമില്ലാതെ ഹോം സ്റ്റേകൾ ഏർപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ചുമതല ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളാണ് ഇപ്പോഴും നിർവ്വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly